**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3418** **01-03-2023 - ൽ മറുപടിയ്ക്ക്**

**തുറമുഖ വകുപ്പിന് കീഴിലുള്ള കരിങ്കൽ ക്വാറി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. വി. ഇബ്രാഹിം | | ശ്രീ. അഹമ്മദ് ദേവർകോവിൽ<br>(തുറമുഖം, മ്യൂസിയം, പുരാവസ്തു, പുരാരേഖ വകുപ്പ് മന്ത്രി) | |
| (എ) | തുറമുഖ വകുപ്പിന്റെ കീഴിൽ മലപ്പുറം ജില്ലയിലെ പുളിക്കൽ വലിയ പറമ്പ് പ്രദേശത്ത് കരിങ്കൽ ക്വാറി നിലവിലുണ്ടോ; | (എ) | മലപ്പുറം ജില്ലയിലെ പുളിക്കൽ വലിയപറമ്പ് പ്രദേശത്ത് സ്ഥിതിചെയ്യുന്ന കരിങ്കൽ ക്വാറി ഹാർബർ എൻജിനീയറിംഗ് വകുപ്പിന്റെ കീഴിലാണ്. |
| (ബി) | എങ്കിൽ വകുപ്പിന് കീഴിൽ എത്ര സ്ഥലം ഇവിടെയുണ്ടെന്നും ഇവിടെ നിന്നും ഖനനം ചെയ്യാൻ സാധിക്കുന്ന കരിങ്കല്ലിന്റെ അളവ് എത്രയാണെന്നും വ്യക്തമാക്കുമോ; | (ബി) | റോഡുൾപ്പെടെ 6.0012 ഹെക്ടർ സ്ഥലമാണ് ഇവിടെയുള്ളത്. ഖനനം ചെയ്യാൻ സാധിക്കുന്ന കരിങ്കല്ലിന്റെ അളവ് തിട്ടപ്പെടുത്തിയിട്ടില്ല. |
| (സി) | പ്രസ്തുത ക്വാറിയ്ക്ക് ചുറ്റുവേലി കെട്ടിയപ്പോൾ പ്രദേശവാസികൾ ഉപയോഗിച്ചിരുന്ന വഴി അടച്ചത് സംബന്ധിച്ച് ഗ്രാമപഞ്ചായത്തും പരിസരവാസികളും പരാതിപ്പെട്ടത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (സി) | ഇതു സംബന്ധിച്ച് ഹാർബർ എൻജിനീയറിംഗ് വകുപ്പിൽ പരാതി ലഭിച്ചിട്ടുണ്ട്. വകുപ്പിന്റെ അധീനതയിലുള്ള സ്ഥലം കമ്പിവേലിയും ഗേറ്റും ഉപയോഗിച്ച് സംരക്ഷി ച്ചിട്ടുള്ളതും ഇതിലേയ്ക്കുള്ള റോഡ് പ്രദേശവാസികൾ ഇപ്പോഴും ഉപയോഗിച്ചു കൊണ്ടിരിക്കുന്നതുമാണ്. എന്നാൽ കമ്പി വേലി ഉപയോഗിച്ച് അതിർത്തി തിരിച്ചിരിക്കുന്ന സ്ഥലത്തിനകത്ത് കൂടി മറ്റു പൊതു വഴികൾ ഒന്നും തന്നെയില്ല. |
| (ഡി) | ക്വാറിയിലേക്ക് എത്തിച്ചേരുന്ന റോഡ് നവീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) | ക്വാറിയിലേയ്ക്കുള്ള റോഡ് നവീകരിക്കുന്നത് സംബന്ധിച്ച വിഷയം ഹാർബർ എഞ്ചിനീറിംഗ് വകുപ്പ് പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ